"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 463/2010 നമ്പർ കേസ് - 09/11/2024- ലെ ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ തുക 4217-60-800-93 (Plan) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.417/2025/LSGD** **തീയതി, തിരുവനന്തപുരം, 10-02-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.463/10 നമ്പർ കേസിന്മേലുള്ള 13/03/2014 തീയതിയിലെ വിധിന്യായം.
2. സ.ഉ.(സാധാ)നം.32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28/11/2024-ലെ DCTVM/12879/2024-K9 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23/12/2024 തീയതിയിലെ എ3/1457/2017/ടിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തുമായി ബന്ധപ്പെട്ട എൽ.എ.ആർ. 463/10 നമ്പർ കേസ്, 09/11/2024-ൽ ബഹു. തിരുവനന്തപുരം സബ് കോടതിയിൽ നടന്ന ലോക് അദാലത്തിൽ ആറുമാസത്തിനകം തുക കെട്ടിവയ്ക്കുന്ന പക്ഷം 09/11/2024 മുതൽ തുക കെട്ടിവയ്ക്കുന്നതുവരെ പലിശ നൽകേണ്ടതില്ല എന്ന വ്യവസ്ഥയിൽ, 51,75,690/- രൂപ (അമ്പത്തിയൊന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി അറുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം)-യ്ക്ക് തീർപ്പായിട്ടുള്ളതായും ആയതിനാൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലാ കളക്ടറുടെ പരാമർശം (3) കത്തിനോടൊപ്പം അദാലത്ത് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ടി എൽ.എ.ആർ. കേസിലെ ഒന്നാം കക്ഷി മരണപ്പെട്ടുപോയിട്ടുള്ളതായും മൂന്നും നാലും കക്ഷികൾ ഒന്നാം കക്ഷിയുടെ നിയമനുസൃത അവകാശികളാണെന്നും രണ്ടാം കക്ഷി കോടതിൽ ഹാജരായില്ലായെന്നും പരാമർശം (1) വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 2356/B-1 (റീ. സർവ്വേ നം. 2536/A1)-ൽപ്പെട്ട 0.24 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 463/2010 നമ്പർ കേസിലെ 09/11/2024-ലെ ലോക് അദാലത്തിൽ, ആറുമാസത്തിനകം തുക കോടതിയിൽ കെട്ടി വയ്ക്കണമെന്ന നിബന്ധനയോടെ, ഒത്തുതീർപ്പിലെത്തിയ 51,75,690/- രൂപ (അമ്പത്തിയൊന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി അറുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) ടി കേസിലെ മൂന്നും നാലും കക്ഷികളായ ശ്രീ. സി. അരുണാചലം, ശ്രീ. സി. രാമചന്ദ്രൻ എന്നിവർക്ക് 4217-60-800-93 (Plan) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. സി. അരുണാചലം, റ്റി.സി.നം.21/1568, ഭഗവത്, നെടുംകാട്, കരമന, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. സി. രാമചന്ദ്രൻ, റ്റി.സി.നം.21/1568, ഭഗവത്, നെടുംകാട്, കരമന, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/1/2025/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 10-02-2025 17:57:53
സെക്ഷൻ ഓഫീസർ